## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **12-07-2022 - ൽ മറുപടിയ്ക്ക്**

## കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരോമ്പാറ കോളനി നവീകരണവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ ഡി.ഇ.വി./ സി1/32040/2017ലെ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നരോമ്പാറ കോളനിയുടെ 91,78,415/- രൂപയുടെ എസ്റ്റിമേറ്റ് 15.12.2017 തീയതിയിൽ അംഗീകരിച്ചു നൽകിയതാണ്. ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ പരിഹരിച്ച് സമർപ്പിയ്ക്കുന്നതിനായി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നരോമ്പാറ കോളനി നവീകരണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | നരോമ്പാറ കോളനിയുടെ 91,78,415/- രൂപയുടെ എസ്റ്റിമേറ്റ് 15.12.2017 തീയതിയിൽ അംഗീകരിച്ചു നൽകിയതാണ്. ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ പരിഹരിച്ച് സമർപ്പിയ്ക്കുന്നതിനായി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | താമരശ്ശേരി പഞ്ചായത്തിലെ എളോത് കണ്ടി എ.കെ.ജി. കോളനിയിലെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.ഇ.വി./സി1/9119/2021എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | 2020-21 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട എളോത്ത് കണ്ടി എ.കെ.ജി. പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം, പമ്പ് ഹൗസും വാട്ടർ ടാങ്കും, വാട്ടർ സപ്ലൈ ലൈൻ, കിണർ നിർമ്മാണം എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ. അതിൽ കിണർ ഒഴികെ മറ്റൊന്നിനും സ്ഥലം വിട്ടുകിട്ടിയില്ലാത്തതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ഓഫീസറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | 2020-21 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട എളോത്ത് കണ്ടി എ.കെ.ജി. പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം, പമ്പ് ഹൗസും വാട്ടർ ടാങ്കും, വാട്ടർ സപ്ലൈ ലൈൻ, കിണർ നിർമ്മാണം എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ. അതിൽ കിണർ |

| | | | |
|---|---|---|---|
| | | | ഒഴികെ മറ്റൊന്നിനും സ്ഥലം വിട്ടുകിട്ടിയില്ലാത്തതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ഓഫീസറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ